Mr. P. Kumaran Ezhuthassan *(Vadakkancheri)*: Any how I take it as a ruling, Sir.

Mr. President: Now, we will take up the cut motion of Mrs. Francis.

Cut Motions—(1) Prolonging the life of the Present Council

Mrs. T. Francis *(Ernakulam-Women)*: To reduce the allotment of Rs. 24,000 for Huzur Secretariat—Salary for Ministers in Demand No. 17 by Re. 1, to impress upon the Government the strong feeling in the public mind that the present Cabinet of Ministers is keen upon extending the term of the present Legislative Council on the plea of introducing adult franchise and full responsible Government.

Sir, the general public are in fear that the present Legislative Council is going to be prolonged indefinitely. I have been hearing and coming to the conclusion from the newspapers also that the present Legislative Council is going to be prolonged. What I have read or heard goes to show the above fact. I cannot remember the paper, but I can say what I can say what I have heard. In the last Prajamandal meeting—I mean the annual meeting—which took place in Chalakkudi, there was a resolution to be considered and to be moved finally in their open session; but it was moved in the Sub-committee meeting and the resolution was lost by a majority vote of one.

Mr. Puthur Achutha Menon *(Kattur)*: That information is not correct.

Mrs. T. Francis *(Ernakulam-Women)*: May not be correct, but I am only telling you what I have heard. Two Ministers of the Prajamandal had the power of voting and they did vote against the resolution and so the resolution could not be brought to open Council. It was lost. So what I pointed out to you in the House is that there is a feeling even in the Prajamandal that the Legislative Council may be delayed—how it is going to be delayed—on account of the Constitutional Advisory Committee report being delayed. The Constitutional Advisory Committee ought to come first; that is what I think according to my knowledge. I have gathered and is in mind that this report must come first and then a skeleton form of constitution must be formed and accordingly an election—either an adult franchise election or otherwise—must be performed in Cochin State. For all these things time will have to be taken. We do not know how many times the Constitutional Advisory Committee hitherto have met and their results we do not know. I have been reading always in the papers what grave decisions even the Indian Constitutional Advisors have been discussing in public, but here every thing is very secret. Let it be. The secrecy at one time ought to come out, but who knows at what time. These things must be published. The people of Cochin will desire that the report should be published and criticised, and if severely criticised, it must be reconsidered. All these things will take time. That is why I am talking of time. And public criticisms must be reconsidered. Besides all these things, delimitation and grouping of constituencies come—that also will take time. In the delimitation and grouping, there are ever so many important things to be considered. In a centre where one commuity is strong, there might happen a splitting of that community. It may be a great disadvantage and very disastrous to that particular community; so these things must be well considered and for such consideration what is the consequence—time. Then who are the members of the present Constitutional Advisory Committee. Four Ministers; Messrs, T. S. Narayana Ayyar and Ashroff. So the Ministers—they have the majority and the public say that it is to their interest to keep the Constitutional Advisory Committee to be prolonged. They found it in their interest, so they can twist and turn and do anything according to their desire. So why I brought this cut here today in this House is to request the Ministers or the Government to explain how long it would take decidedly for the complete report to be out, more or less to give time for the public to discuss it and in sport how long it is going to take for our next election. So I need not eloborate on this very much. I leave that for the Ministers to explain to the House.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സർ, ഇന്നലെ ഉച്ചതിരിഞ്ഞ് ഇവിടെ നടന്ന സമ്മേ
ളനത്തിൽ, കൊച്ചിയിലെ ജനങ്ങളുടെ മാർഗ്ഗ ദർശിയായ കൊച്ചി മഹാരാജാവ് തിരുമന
സ്സുകൊണ്ട് കല്പിച്ചരുളിയതാണ്, ഉത്തരവാദഭരണമായ ദീപം എന്ന് എന്റെ മാന്യസ്നേ
ഹിതൻ പനമ്പിള്ളി ഗോവിന്ദമേനോൻ അവർകൾ നമ്മെ അനുസ്മരിപ്പിക്കുകയുണ്ടായി.
എന്നാൽ ആ ദീപംകൊണ്ട്, അദ്ദേഹത്തിന്റെ ഉപമയിൽ പ്രസ്താപിച്ച ആ കന്നിന്റെ അ
ടിവാരം മാത്രമേ നമുക്ക് കാണുവാൻ സാധിച്ചിട്ടുള്ള എന്ന വച്ചാൽ അത് കഷ്ടമല്ലേ? ആ
ദീപത്തിന്റെ ശോഭകൊണ്ട് അദ്ദേഹം പ്രസ്താപിച്ച ആ കന്നിന്റെ അടിവാരം മാത്രമല്ലാ,
ആ കന്ന് മുഴുവൻ നമുക്ക കാണാൻ സാധിക്കണം. അപ്രകാരമുള്ള ഒരു ദീപം വേണമെന്ന
ുള്ള ജനങ്ങളുടെ ഉൽകണ്ഠയെ ഉൾകൊള്ളുന്നതാണ ഈ ഖണ്ഡനോപക്ഷേപമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിശ്വസിക്കുന്നു. ഒരു ദീപത്തിന്റെ ശോഭ ആ ദീപത്തിലുള്ള എണ്ണയുടേയും, തിരിയുടേയും ഗുണദോഷങ്ങളും ആസ്പദിച്ചിരിക്കും. ആ ദീപത്തിന്റെ തിരി നിർമ്മലമായ നൂലുകൊണ്ടു, ഒരേ നീളത്തിൽ, ഒരേ പാകത്തിൽ ഉണ്ടാക്കിയ ഒരൊറ്റതിരി മാത്രമായാൽ ധാരാളം കാലം ഭംഗിയായി ശോഭിക്കുന്നതാണു്. നേരെ മറിച്ചു്, ചാക്കു നൂൽകൊണ്ടോ, ചകിരി നാരു കൊണ്ടോ ഉണ്ടാക്കിയ ഒരു പോത്തൻതിരി മാത്രമാണു് അതിൽ ഇടുകയെന്നു വരുകയാണെങ്കിൽ അതിലെ എണ്ണ വേഗം വറ്റിപോകുന്നതും അദ്ദേഹം വിവക്ഷിച്ച തരത്തിലുള്ള പാതാള ലോകത്തിലെ പിശാചുക്കളുടെ സഹായം കൂടാതെ തന്നെ ആ ദീപംകെട്ടുപോകുന്നതുമാണു്. ഇത്തരം ഒരു തിരിയാണു നമുക്കുള്ളതു എങ്കിൽ അതു നീട്ടിയ്ക്കേണ്ടതു്, തോട്ടക്കാരന്റെ ചുമതലയാണു്. തോട്ടക്കാരൻ ദിവസന്തോറും അദ്ദേഹത്തോടു് എന്തുചെയ്യ എന്തുചെയ്യ എന്നു ചോദിക്കാതെ ആ തിരി നീട്ടുന്നില്ലായെന്നു വരുകിൽ അതു വലിയ കഷ്ടമാകയില്ലേ? എന്തുചെയ്യ, എന്തുചെയ്യ എന്നു് അയാളോടു ചോദിക്കുമ്പോൾ ആ ദീപത്തിന്റെ വെളിച്ചത്തിൽ നമുക്കു് അപ്പ്രക്ഷണം ഉണ്ടാക്കിതരുന്നതിനു് പകരം കല്ലുകൊണ്ടു അടിച്ചു കൂട്ടുകയാണു ചെയ്യുന്നതു് എന്നു പറകയാണെങ്കിൽ അതു കഷ്ടമാകയില്ലേ? നാട്ടുകാർ എന്തുചെയ്യ, എന്തുചെയ്യ എന്നു് ഞങ്ങളെക്കൊണ്ടു് ചോദിപ്പിക്കുന്നതു് ശരിയല്ല. അതു ചോദിക്കാതെ തന്നെ തിരിനീട്ടിക്കൂടെയെന്നു ചോദിച്ചാൽ ലോകത്തിന്റെ പുരോഗതി തന്നെ എന്തുചെയ്യ, എന്തുചെയ്യ എന്ന ചോദ്യം കൊണ്ടാണു് ഉണ്ടായതു. ഭഗവത്ഗീതതന്നെ "എന്തുചെയ്യിതു നിഞ്ജയ" എന്ന ചോദ്യത്തിന്റെ മറുപടിയാണു് എന്നു പറഞ്ഞടക്കാൻ നോക്കുന്നതായാൽ സാഹസമാകയില്ലേ? പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കുന്ന ഒരുനിയമസഭ ഇവിടെവേഗത്തിൽഉണ്ടായിക്കാണണം എന്നുള്ള മോഹംകൊണ്ടു മാത്രമാണു് ഈ ഖണ്ഡനോപക്ഷേപം ഇവിടെ കൊണ്ടുവന്നതു് എന്നു് ഞാൻ വിശ്വസിക്കുന്നു. മന്ത്രിമാർ ഈ കാര്യത്തിൽ ഉപേക്ഷകാണിക്കുന്നുണ്ടെന്നു് ഞങ്ങളാരും വിശ്വസിക്കുന്നില്ല. നിങ്ങൾക്കു് അവിടെ പറഞ്ഞുകൂടണമെന്നു വിചാരമുണ്ടെന്നു് ഞങ്ങൾ പറയുന്നില്ല. എന്റെ മാന്യസ്നേഹിതൻ പനമ്പിള്ളി ഗോവിന്ദമേനവൻ പറഞ്ഞ തത്വമനുസരിച്ചു ഈ കാര്യത്തിനു വേണ്ടി ഏന്തുചെയ്യ എന്തുചെയ്യ എന്നു് ചോദിക്കുന്നതിന്റെ ഒരു വകഭേദം മാത്രമാണു് ഈ ഖണ്ഡനോപക്ഷേപം എന്നു് ഗവമ്മെണ്ടു ഭാഗത്തെ അനുസ്മരിപ്പിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : മിസ്റ്റർ പ്രസിഡണ്ടു് സർ, ഈ ഖണ്ഡനോപക്ഷേപത്തിന്റെ കർത്താവു് അവരുടെ പ്രസംഗത്തിന്റെ അവസാന ഭാഗത്തിൽ പറഞ്ഞതു ഈ ഉപക്ഷേപം കൊണ്ടുവന്നതു് എന്നാണു എലക്ഷൻ ഉണ്ടാകാൻ പോകുന്നതു് എന്നും, ഭരണഘടനോപദേശക സമിതിയുടെ റിപ്പോർട്ടു എന്നാണു് വരാൻ പോകുന്നതെന്നും മന്ത്രിമാരോടു ചോദിക്കാൻ വേണ്ടിയാണെന്നു പറയുകയുണ്ടായി. അത്രമാത്രമേ ഉദ്ദേശമുണ്ടായിരുന്നുള്ളു എങ്കിൽ ഞങ്ങൾക്കു യാതൊരാക്ഷേപവുമുണ്ടാകുകയില്ലായിരുന്നു. എന്നാൽ ഈ ഖണ്ഡനോപക്ഷേപത്തിന്റെ ആദ്യ ഭാഗത്തിൽ പറയുന്നതു" To impress on the Government the strong feelling in the public mind that the present Cabinet of Ministers, etc, എന്നാണു".

മിസിസ്സു് ടി. ഫ്രാൻസിസ്സു് : ജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള ബോധത്തെപ്പറ്റിയാണു് ഞാൻപറഞ്ഞതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : ജനങ്ങളുടെയിടയിൽ ഇതിനെ ഒരാക്ഷേപമുണ്ടു് എന്നു വാദിക്കുവാൻ അവർ ഉദ്ദേശിക്കുന്നുണ്ടു് എന്നുള്ളതു തീർച്ചയാണു്. എന്തിനെ കുറിച്ചുള്ള ആക്ഷേപമാണു് ഇതു"? ചില തന്ത്രങ്ങൾ ഉപയോഗിച്ചു്, മന്ത്രിമാർ ഈ നിയമസഭയുടെ കാലാവധി നീട്ടികൊണ്ടുപോകാൻ അതിയായി വെമ്പുന്നു എന്നാണു് ആരോപണം. ഈ ആക്ഷേപമാണു് ജനങ്ങളുടെയിടയിൽ ഉള്ളതായി ഉപക്ഷേപ കർത്താവിനു് കാണാൻ സാധിച്ചതു്. ഈ ആക്ഷേപത്തിന്റെ ഉത്ഭവസ്ഥാനത്തെക്കുറിച്ചു കൂടി അവർ പ്രസ്താവിക്കുകയുണ്ടായി. ചാലക്കുടിയിൽവച്ചുകൂടിയ പ്രജാമണ്ഡലം സമ്മേളനത്തിന്റെ വിഷയനിർണ്ണയ കമ്മിറ്റിയോഗത്തിൽ വച്ചു് നടന്നതായി പറയുന്ന വാദപ്രതിവാദത്തെ ആസ്പദിച്ചാണു് ഇങ്ങിനെ പൊതുജനങ്ങൾക്കു് ആക്ഷേപമുണ്ടെന്നു് അവർ മനസ്സിലാക്കിയതായി പറയുന്നതു്. വേറൊരു സ്ഥാനത്തുനിന്നും ഒരാക്ഷേപവും ഉള്ളതായി അവർ ഇവിടെ പ്രതിവാദിക്കുകയുണ്ടായില്ല. ചാലക്കുടിയിൽവെച്ചുകൂടിയ പ്രജാമണ്ഡലം സമ്മേളനത്തിന്റെ വിഷയനിർണ്ണയകമ്മിറ്റിയിലെ മെമ്പർമാരാണു് കൊച്ചി രാജ്യത്തിലെ ജനങ്ങളു

[Mr. V. R. Krishnan Ezhtuthassan]

ടെ വികാരത്തിന്റേയും, ജനങ്ങളുടെ ക്ഷേമ താല്പര്യത്തിന്റേയും, ജനങ്ങളുടെ മനോഭാവത്തിന്റേയും, പ്രതിനിധികൾ എന്നു് ഉപക്ഷേപകത്താവു് കല്പിച്ചു കാണുന്നതിൽ എനിക്കു വളരെ അധികം അഭിമാനവും സന്തോഷവുമുണ്ടു്.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു് : ജനങ്ങൾ എന്നു് പറഞ്ഞാൽ പ്രജാമണ്ഡലത്തിലുള്ളവർ മാത്രമല്ല, എല്ലാവരുമുണ്ടു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : കൊച്ചീരാജ്യത്തെ ചിന്താശീലരും, വികാരശീലരുമായിട്ടുള്ള ആളുകളുടെ പ്രതിനിധികളായിരുന്ന ആ വിഷയനിർണ്ണയകമ്മിറ്റി യോഗത്തിൽ പങ്കെടുത്തതു്, അവക്കെത്ര മനോഭാവമുണ്ടായിരുന്നു അതാണു കൊച്ചീരാജ്യത്തിലെ വികാരശീലരായ ആളുകളുടെ മനോഭാവമെന്നു് കല്പിക്കുന്നതു മൂലം യഥാർത്ഥത്തിൽ പ്രജാമണ്ഡലത്തിനു ഉപക്ഷേപകത്താവു് നല്കുണമെന്നു് ആഗ്രഹിക്കുകയൊ, നല്കാൻ ഇഷ്ടപ്പെടുകയോ, ചെയ്യാത്ത വിലയാണു് കല്പിച്ചതു് എന്നു തോന്നുന്നു. അങ്ങിനെ അല്ലെന്നു അവക്കു ഇപ്പോൾ ഒരു മാറിയ മനോഭാവം കാണുന്നുണ്ടു് എന്നുമാത്രമേ പറയാനുള്ളു. എന്നാൽ പ്രജാമണ്ഡലത്തിന്റെ ആ സമ്മേളനത്തിൽ ഉപക്ഷേപകത്താവു് ഹാജരാകുകയോ അല്ലെങ്കിൽ ആ സമ്മേളനത്തിൽ നടന്നതു് എന്താണെന്നു് ശരിയായി അന്വേഷിയ്ക്കുകയോ ചെയ്തതിനു ശേഷമാണു് ഇപ്രകാരം പ്രഖ്യാപിച്ചതു് എന്നു് എനിയ്ക്കു തോന്നുന്നില്ല. ആ സമ്മേളനത്തിൽ സജീവമായി പങ്കെടുത്തിട്ടുള്ള എല്ലാവക്കുമറിയാം ഉപക്ഷേപകത്താവു് ചെയ്തിട്ടുള്ളതുപോലെയുള്ള ആരോപണങ്ങൾക്കു് ഇടംനല്കുന്ന യാതൊരു നടപടികളും അവിടെ ഉണ്ടായിട്ടില്ലെന്നു്. നേരെമറിച്ചു് പ്രജാമണ്ഡലം സമ്മേളനത്തിലും അതിനെ സംബന്ധിച്ചു എല്ലാ ആലോചനായോഗങ്ങളിലും ഉണ്ടായിരുന്നതു് ഒരു പുതിയ ഭരണഘടന നിർമ്മിച്ചു പുതിയ തിരഞ്ഞെടുപ്പു് നടത്തണം എന്നുള്ള പരിശ്രമത്തെ മുമ്പോട്ട കൊണ്ടുപോകാനുള്ള വഴികൾ ആലോചിക്കുക മാത്രമായിരുന്നു. കൊച്ചീരാജ്യത്തിലെ എതൊരു പൌരനേയും പോലെ, ഇന്നത്തെ രീതിയിലുള്ള ഭരണഘടനയുടെ കാലം അവസാനിപ്പിച്ചു് ഒരു പുതിയ ഭരണഘടന നടപ്പിൽ വരുത്താൻ വേണ്ടിയുള്ള തിരഞ്ഞെടുപ്പു് എത്രവേഗത്തിൽ നടത്താൻ സാധിക്കുമോ അത്രയും വേഗത്തിൽ നടത്തണമെന്നു് ആഗ്രഹമുള്ള ഒരാളാണു് ഞാൻ. പ്രജാമണ്ഡലം പ്രതിനിധികൾക്കും പ്രജാമണ്ഡലത്തിലെ സാമാന്യജനങ്ങൾക്കും ഇതാണു് അഭിലാഷം. ഇങ്ങിനെയുള്ള അഭിലാഷം വച്ചുകൊണ്ടു് പ്രജാമണ്ഡലം വാഷ്ണികയോഗം ഒരു തീരുമാനം ചെയ്തുകയുണ്ടായിയെന്നു് ഈ സഭയെ അറിയിക്കാൻ എനിക്കാഗ്രഹമുണ്ടു്. ൩ മാസത്തിനകത്തു് ഒരു പുതിയ തിരഞ്ഞെടുപ്പു നടത്തുവാനുള്ള വഴികൾ തെളിയിക്കുവാൻ, പ്രജാമണ്ഡലത്തിലെ ഉത്തരവാദപ്പെട്ട എല്ലാവരോടും സമ്മേളനം ആവശ്യപ്പെട്ടിട്ടുണ്ടു്. അതനുസരിച്ചു ഒരു പ്രമേയം പാസാക്കുകയുണ്ടായി. ഈയവസരത്തിൽ എനിക്കഭിമാനത്തോടുകൂടി ഒരു കാര്യം ഈ സഭയിൽ പറയണമെന്നാഗ്രഹമുണ്ടു്. ഞാൻ ദുരഭിമാനം കൊള്ളുകയാണെന്നു് ഒരുപക്ഷെ ചിലർക്കു് തോന്നിയേക്കാം. എങ്കിലും എനിയ്ക്കു പറയാതിരിയ്ക്കുവാൻവഹിയാ. ഇന്നു് നാട്ടിൽകാണുന്ന ഈ ഭരണപരിഷ്കാരം വരുത്തിതീർക്കാനുള്ള പ്രയത്നത്തിൽ വളരെ പ്രധാനമായ ഒരു പങ്കു് പ്രജാമണ്ഡലം വിഹിച്ചിട്ടുണ്ടെന്നു്—ആക്കെങ്കിലും സമ്മതിയ്ക്കാൻ വിഷമമുണ്ടെങ്കിൽ അവർ വിഷമിയ്ക്കട്ടേ—ചരിത്രം നിശ്ചയമായും രേഖപ്പെടുത്തികൊള്ളും. എന്നാൽ മറ്റാരുടേയും സഹായസഹകരണങ്ങൾ ഉണ്ടായിട്ടില്ലാ എന്നോ മറ്റാരും ഇതിനു് വേണ്ടി പ്രവർത്തിച്ചിട്ടില്ലെന്നോ ഞാൻ പറയുന്നില്ല. ഈ സഭയിലെ യാതൊരാൾക്കും പരിപൂർണ്ണമായ ഉത്തരവാദഭരണം കഴിയുന്നതും വേഗത്തിൽ വന്നു ചേരുവാൻ ആഗ്രഹമില്ലെന്നു് ഞാൻ പറയുന്നില്ല. നിശ്ചയമായും എല്ലാവക്കും ആഗ്രഹമുണ്ടു്. അതിനു് വേണ്ടി വേല ചെയ്യാൻ എല്ലാവരും ഒരുക്കമാണെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ കഴിഞ്ഞ ആറേഴു വർഷമായി പ്രജാമണ്ഡലം ചെയ്തിട്ടുള്ള പ്രവൃത്തികൾ, ഈ രാജ്യത്തിന്റെ രാഷ്ട്രീയ പുരോഗതിയ്ക്കു് വളരെ അധികം സഹായിച്ചിട്ടുണ്ടു്. പ്രജാമണ്ഡലത്തിലെ ഇന്നത്തെ ഉത്തരവാദികൾ അതിന്റെ ലക്ഷ്യത്തിൽനിന്നു് അണുപോലും വ്യതിചലിച്ചിട്ടില്ലാ എന്നു് മാത്രമല്ലാ, അതിനെ മുമ്പോട്ടകൊണ്ടു പോകാൻ ശ്രമിക്കുകയാണെന്നു് എനിയ്ക്കു് ധൈര്യപൂർവ്വം പറയാൻ സാധിയ്ക്കും. അങ്ങിനെയുള്ള പ്രജാമണ്ഡലത്തിലെ ഉത്തരവാദപ്പെട്ട രണ്ടു് അംഗങ്ങൾ മന്ത്രിപദത്തിൽ ഇരിക്കുന്ന ഘട്ടത്തിൽ ഈ ഖണ്ഡനോപക്ഷേപത്തിൽ പറഞ്ഞിട്ടുള്ള കുറ്റം അവർ ചെയ്തിട്ടുണ്ടെങ്കിൽ പ്രജാമണ്ഡലം അതു് ഒരിക്കലും പൊറുക്കുകയില്ല. ഭരണപരിഷ്കാരമാകുന്ന കൈത്തിരികൊണ്ടു് ഈ രാജ്യത്തിൽ വെളിച്ചം കാണിയ്ക്കുന്നതിൽ പുറപ്പെട്ടിട്ടുള്ള ആളുകളും നാട്ടുകാരുടെ പരിരക്ഷകന്മാരായി പുറപ്പെട്ടിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

മറ്റാരുംതന്നെയും ഏതെങ്കിലും വിധത്തിലുള്ള തന്ത്രങ്ങൾ ഉപയോഗിച്ച് ഈ പുരോഗതിയെ തടയാൻ ശ്രമിക്കുന്നതായി ആക്ഷേപിച്ചിട്ടുള്ളതു് എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. എല്ലാവർക്കും ആഗ്രഹമുണ്ടു് നാളെ തന്നെ ഇന്നത്തെ നിയമസഭ പിരിച്ചുവിട്ടു് പുതിയ തിരഞ്ഞെടുപ്പു് നടത്തിയാൽ കൊള്ളാമെന്നു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ചെയ്യാൻ സാധിക്കുന്നതു് ഏറ്റവും വേഗത്തിൽ ചെയ്യുക എന്നുള്ളതല്ലാതെ വേണ്ടുമാതിരി ചെയ്യാൻ പാടില്ലായെന്നു് ഉദ്ദേശത്തോടുകൂടി എങ്ങിനെയെങ്കിലും ചെയ്യണമെന്നു് നിർബ്ബന്ധിക്കാൻ പ്രയാസമുണ്ടു്. ഒരു പുതിയ തിരഞ്ഞെടുപ്പു് നടത്തണമെന്നുണ്ടെങ്കിൽ എന്തെല്ലാം വേണമെന്നു് നമുക്കെല്ലാവർക്കുമറിയാം. എന്നാൽ ഉപക്ഷേപകത്താവു് പറഞ്ഞതുപോലെ പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ അടിസ്ഥാനമാക്കിയാലും അല്ലെങ്കിലും ഉടനെ ഒരു പുതിയ തിരഞ്ഞെടുപ്പു നടത്തണമെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു് : ഞാൻ അങ്ങിനെ അല്ല പറഞ്ഞതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെത്തഴ്ശൻ : അങ്ങിനെ പറഞ്ഞതായി മനസ്സിലാക്കിയാണു് ഞാൻ ഇതു പറയുന്നതു്. ആ ഭാഗത്തുമുള്ള ആളുകളെപ്പോലെ തന്നെ ഒരു നിമിഷമെങ്കിലും ഈ ഭരണവ്യവസ്ഥ ഉടൻകൊണ്ടു പോകണമെന്നു് ഈ ഭാഗത്തുള്ള യാതൊരാൾക്കും ആഗ്രഹമില്ല. നിശ്ചയമായും അഡൾട്ടു് ഫ്രാഞ്ചൈസ്സിനെ അടിസ്ഥാനമാക്കി കഴിയുന്നവേഗത്തിൽ ഒരു തിരഞ്ഞെടുപ്പു നടത്തണം. അങ്ങിനെ ഇന്നത്തെ മന്ത്രിസഭയെ കൂടുതൽ ജനകീയമാക്കി തീർക്കണം. ഇതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നതു കൊണ്ടു് ഈ ഉപക്ഷേപം അസ്ഥാനത്തിലാണു്. ഒരുപക്ഷെ ഇതു് ദുരുപദിഷ്ടമാണു് എന്നു് പറയേണ്ടിവന്നതിൽ ഞാൻ വ്യസനിയ്ക്കുകയും, ഇതിനെ എതിർക്കുകയും ചെയ്യുന്നു.

മിസ്റ്റർ പി. കുമാരനെഴത്തഴ്ശൻ : സർ, ഈ ഉപക്ഷേപം ഈ നിയമസഭയുടെ മുമ്പാകെ കൊണ്ടുവന്നതിനു് ഞാൻ ഇതിന്റെ അവതാരകിയെ അഭിനന്ദിക്കുന്നു.

Mr. President: The Hon'ble Member can ignore such interruptions.

Mr. P. Kumaran Ezhuthassan (*Vadakkancheri*) No, Mr. President. They are not persons to be ignored. (Laughter).

The cut motion is to press on the Government the strong feeling in the public mind that the present Cabinet Ministers are keen upon extending the term of the present Legislative Council.

എന്തുകൊണ്ടെന്നാൽ മന്ത്രിമാർക്കു തങ്ങളുടെ നിലയെപ്പറ്റി വിശദീകരിക്കാൻ ഇതു് സന്ദർഭം നൽകുന്നു. ജനങ്ങളുടെയിടയിൽ നമ്മുടെ പ്രതിനിധികളായിട്ടുള്ള മന്ത്രിമാരുടെ ഭാഗത്തെപ്പറ്റി പല ആശങ്കകളും ഉണ്ടു്. അവർ അതു് പ്രതീക്ഷിച്ചിരിക്കുകയുമാണു്.

അതുകൊണ്ടു് അവർക്കു് ഉപക്ഷേപ വിവരത്തെപ്പറ്റി വല്ല മറുപടിയും പറയാനുണ്ടെങ്കിൽ അതു പറയാനുള്ള അവസരം കൊടുത്തുകൊണ്ടാണു് ഞാൻ അവതാരകിയെ അഭിനന്ദിച്ചതു്. അതനുസരിച്ചുതന്നെയാണു ഞാൻ ഇവിടെ ചിലതു പറയാനുദ്ദേശിക്കുന്നതും. അപ്പോൾ ഇവിടെ ഉന്നയിക്കപ്പെട്ട സംഗതികൾ അവാസ്തവമാണെങ്കിൽ നമ്മളുടെ പ്രതിനിധികളായ മന്ത്രിമാരെപ്പറ്റി ഇതിലധികം ആക്ഷേപകരമായ ഒരു സംഗതി ജനങ്ങളുടെ ഇടയിൽ ഉണ്ടാകാൻ തരമില്ല. അങ്ങിനെയുള്ള ഒരു കാര്യത്തെപ്പറ്റി ശരിയായ ഒരു മറുപടി അതായതു,' ഈ ആശങ്കകളാകെ നിങ്ങി പോകുമാറു് ഇന്നത്തെ മന്ത്രികക്ഷികളിലുള്ള പല മെമ്പർമാരിൽ ഒരിൽനിന്നെങ്കിലും വിശദീകരണം കിട്ടിയാൽ അവരെ അഭിനന്ദിക്കാതെ കഴിയുകയില്ല. നിങ്ങളാണു പ്രസംഗിക്കേണ്ടിയിരുന്നതു്. അതു ഞാൻ പ്രസംഗിച്ചു എന്നേയുള്ളു. ആശങ്കകളുണ്ടു്, പക്ഷെ അതിനു് അടിസ്ഥാനമില്ലായിരിക്കാം. ഏലക്ഷനെപ്പറ്റി അല്ലെങ്കിലും പരിചയമുള്ളവർക്കറിയാം, മന്ത്രിമാരോ അല്ലെങ്കിൽ ക്യാബിനറ്റുവഴി നടത്തുന്ന ഗവർമ്മെണ്ടോ വളരെ നിഷ്പ്രയോജകമായി ഇന്നുമുതൽ പ്രവർത്തിച്ചു തുടങ്ങിയാൽപോലും അടുത്ത ഏലക്ഷൻ സാധാരണ കാലത്തുപോലും അതായതു് ഫെബ്രുവരി ഇടവത്തിൽ നടത്തുവാൻ വളരെ പ്രയാസമുണ്ടാകും. അതിനാൽ ഈ നിമിഷംമുതൽ അതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു തുടങ്ങേണ്ടതാണു്. ഇടക്കാല ഗവർമ്മെണ്ടു് വെറും ആറുമാസത്തേക്കു മാത്രമായിരിക്കും. അപ്പോഴേക്കും പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തിരഞ്ഞെടുപ്പു നടത്തി പരിപൂർണ്ണ ഉത്തരവാദിത്വഭരണമുള്ള ഒരു ക്യാബിനറ്റുണ്ടാക്കുമെന്നു് ഉൽഘോഷിച്ചിരുന്നതായ പ്രജാമണ്ഡലത്തിലുള്ളവർ ഇന്നെന്തു ചെയ്യുന്നു എന്നറിയുന്നില്ല.

മിസ്റ്റർ പത്രോസ് അച്യുതമേനോൻ: പ്രജാമണ്ഡലം മുഴുവനും അങ്ങിനെതന്നെയാണു് ഇന്നും ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രജാമണ്ഡലം മുഴവൻ എന്നു പറയുമ്പോൾ ഏർ½ ലക്ഷം ജനങ്ങളും എന്നാണല്ലൊ ഉദ്ദേശിക്കുന്നതു്. ഏർ½ലക്ഷത്തിന്റെയും പ്രാതിനിദ്ധ്യം പ്രജാമണ്ഡലത്തിനുണ്ടെന്നല്ലെ, നിങ്ങൾ പറയുന്നതു്?

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: പ്രജാമണ്ഡലം മുഴവൻ അങ്ങിനെ ഉദ്ദേശിക്കുന്നുണ്ടെന്നാണു് ഞാൻ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ അതിൽ കൂടുതലാണു പറഞ്ഞതു്. പ്രജാമണ്ഡലം പ്രതിനിധീകരിക്കുന്നുവെന്നു പറയുന്ന ഏർ½ലക്ഷം ജനങ്ങളും അങ്ങിനെ പറയുന്നുവെന്നാണു് പറഞ്ഞതു്. എന്നാൽ ഏർ½ലക്ഷം കഴിച്ചാലും പിന്നെയുമുണ്ടല്ലൊ അല്ലെങ്കിലും അളകൾ കൊച്ചി രാജ്യത്തിൽ. അവരുടെ ഇടയിൽ ഇത്തരം തെറ്റിദ്ധാരണകളുണ്ടു്. അതു നീക്കണം. ഏ ഏ-നു ഇടവമാസത്തിലെങ്കിലും തിരഞ്ഞെടുപ്പുകൾ നടത്തണമെങ്കിൽ അതിനുവേണ്ട ഏർപ്പാടുകൾ ഈ നിമിഷം മുതൽ നടത്തണം. കഴിഞ്ഞ കാലങ്ങളിലെപോലെയല്ല ഇനി വരുവാൻ പോകുന്ന തിരഞ്ഞെടുപ്പു്. പ്രായപൂർത്തിവോട്ടവകാശം എന്നു പറയുമ്പോൾ ഏവു വയസ്സോ, ഛ ഏ വയസ്സോ, ഏതാണെന്നു വച്ചാൽ അതനുസരിച്ചു ലിസ്റ്റു് തയ്യാറാക്കാൻ വളരെ സമയം വേണം. ആയതു പരിശോധിക്കാൻ വേണ്ട കമ്മിറ്റിയെയെങ്കിലും മുതലായ ഏർപ്പാടുകൾ നേരത്തെ തുടങ്ങണം. തിരഞ്ഞെടുപ്പിനെക്കുറിച്ചു പരിചയമുള്ളവർ പറയുന്നതു് തിരഞ്ഞെടുപ്പു ഇടവം ഏ ൪-ാംനു ആണെങ്കിൽ അതിനുമുമ്പു ചെയ്യേണ്ട കാര്യങ്ങൾ ശരിയാകണമെങ്കിൽ വൃശ്ചികമാസത്തിലെങ്കിലും പ്രിലിമിനറിലിസ്റ്റു് പബ്ലിഷ്ചെയ്യണം. അങ്ങിനെയാണിവിടെ ഇതേവരെ ഉണ്ടായിട്ടുള്ളതു്. ഒരു തവണമാത്രം വൃശ്ചികത്തിലല്ല ഒന്നു രണ്ടു മാസം കഴിഞ്ഞു ലീസ്റ്റു പബ്ലിഷ്ചെയ്യുകയുണ്ടായിട്ടുണ്ടു്. മറ്റെല്ലാ തിരഞ്ഞെടുപ്പുകളുടേയും ലീസ്റ്റു വൃശ്ചികമാസത്തിൽതന്നെ പബ്ലിഷ്ചെയ്തിട്ടുണ്ടു്. അതു ഇന്നത്തെ ഈ പോക്കുകണ്ടാൽ സാദ്ധ്യമാണോ എന്നാണു ചോദിക്കുന്നതു്? ആരാണിന്നു ഈ വീടുകളൊക്കെ കയറിയിറങ്ങി വോട്ടേഴ്സ്ലീസ്റ്റു തയ്യാറാക്കേണ്ടതെന്നു തീച്ചയായി കഴിഞ്ഞിട്ടില്ല. ഇതുകഴിഞ്ഞു് അവർ ലീസ്റ്റു തയ്യാറാക്കി അതിന്റെ പരിശോധനക്കുശേഷം, അവസാനലീസ്റ്റു തയ്യാറായതിൽ പിന്നെയല്ലെ തിരഞ്ഞെടുപ്പിനു ദിവസം നിശ്ചയിച്ചു പരസ്യം ചെയ്യുവാൻ പാടുള്ളു.

പ്രാരംഭലീസ്റ്റു തയ്യാറാക്കിയാൽ ഏ ൦ലക്ഷം അളുകളുടെ പേരുകൾ അച്ചടിച്ചുകിട്ടാനുള്ള ഏർപ്പാടുകൾ ഇന്നത്തെ ഗവമ്മെണ്ടു പ്രസ്സിനുണ്ടോ സാദ്ധ്യമാകുന്നു. കൌൺസിൽ പ്രൊസീഡിംഗ്സ്തന്നെ കൌൺസിൽ കഴിഞ്ഞു മൂന്നു നാലു മാസം കഴിഞ്ഞാലും കിട്ടുന്നില്ല. ചിലപ്പോൾ കൌൺസിലിൽ വരുമ്പോഴാണു് അതിനു മുമ്പിലത്തെ കൌൺസിൽ സെക്രട്ടറി പ്രൊസീഡിംഗ്സ് തരുന്നതു്. ഇപ്പ്രാവശ്യം അതും ഉണ്ടായില്ല. തന്നിമിത്തം ടൈപ്പുചെയ്ത പ്രൊസീഡിംഗ്സും ഞാൻ കയ്യിൽ ചുമന്നുകൊണ്ടു പോകുമ്പോൾ ഒരു സ്നേഹിതൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ചോദിക്കുകയുണ്ടായി "fools cap തലയിൽ വെച്ചുകൊണ്ടു നടക്കുന്നതെന്തിനാ"ണെന്നു്. അതു നിങ്ങളുടെയൊക്കെ യോഗ്യതകൊണ്ടാണെന്നു fools cap അങ്ങയുടേയും കൂട്ടുകാരുടേയും തലയിലല്ലെ കാണുന്നതെന്നു് അങ്ങോട്ടു മറുപടിയും കൊടുക്കാതെ ഇരുന്നില്ല. അതുകൊണ്ടു് ഇപ്പോഴത്തെ രീതിയിൽ ഗവമ്മെണ്ടു പ്രസ്സിൽ അതു മുഴവനും അച്ചടിച്ചുകിട്ടാൻ കഴിയുകയില്ല. അപ്പോൾ അതു വേറെ പ്രസ്സുകാരെ ഏല്പിക്കണം. അവരുടേയും കഴിവുകൾ പരിമിതങ്ങളാണു്. ഇതിനൊക്കെ സമയം വേണം. ഏ ഏ-നു ഇടവമാസത്തിലെങ്കിലും തിരഞ്ഞെടുപ്പു നടക്കണമെങ്കിൽ നിങ്ങളുടെ അലസത വിടണം. ഉടൻ ലീസ്റ്റു് തയ്യാറാക്കണം. തയ്യാറാക്കി കഴിയുന്ന ലീസ്റ്റുകൾ അപ്പപ്പോൾ അച്ചടിക്കാൻ ഏർപ്പാടു ചെയ്യണം. അവസാനത്തെ ലീസ്റ്റു് അച്ചടി കഴിഞ്ഞാൽ ഒരാഴ്ചക്കകം അതെല്ലാം കൂട്ടിചേർത്തു പ്രാരംഭലീസ്റ്റു് ഒന്നാകെ പ്രസിദ്ധപ്പെടുത്തി തുടർന്നുള്ള ചടങ്ങുകൾ അതി ജാഗ്രതയായി നടത്തണം. ഇതെല്ലാം ചെയ്തു് തക്കസമയത്തു തിരഞ്ഞെടുപ്പു നടത്താൻ സാധിക്കുമെന്നു നിങ്ങൾ പറയുന്നുണ്ടു്. അതു പക്ഷെ, ആത്മാർത്ഥതയോടുകൂടി നിങ്ങൾ പറയുന്നതാണോ എന്നു ഞാൻ സംശയിക്കുന്നു. നിങ്ങൾക്കു് ആത്മാർത്ഥതയുണ്ടോ എന്നന്വേഷിക്കാൻ ജ്യോത്സ്യന്മാരുടെ അടുക്കൽ പോകേണ്ടിവരും. വേണമെങ്കിൽ ചെയ്യാൻ തൃണിയുള്ളവരാണെന്നു നിങ്ങളെന്നു പറഞ്ഞാൽ സമ്മതിക്കാൻ ഞാൻ ഒരുക്കമാണു്. അതു പറയാനാണു് ഞാൻ ആവശ്യപ്പെട്ടതു്. കട്ടമോഷൻ വന്നപ്പോൾ മന്ത്രി അവർകൾ പ്രസിദ്ധരായ അവർകളുടെ അനുവാദത്തോടുകൂടി ചിലതു പറയുകയുണ്ടായി. "അഡ്വൈസറിക്കമ്മിറ്റിയെ ഞങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതല്ല; ഞങ്ങൾക്കു അതി

LIBRARY ARCHIVES Kerala Legislative Assembly

നോട്ട് ബാന്ധമില്ല" എന്നു്. അതിനോട് ഞാൻ യോജിക്കുന്നു. ഉത്തരവാദിത്വഭരണകോൺസ്റ്റിറ്റ്യൂഷൻ എങ്ങിനെ ഇരിക്കണമെന്നതിനെപ്പറ്റി വേണ്ട ഉപദേശം കൊടുക്കുന്നതിനു മുന്നു സംഗതികൾ ആവശ്യപ്പെട്ടിട്ടുള്ളതിൽ ഒന്നിതാണു്. അതനുസരിച്ചായിരിക്കും ഇനിയത്തെ കോൺസ്റ്റിറ്റ്യൂഷനുണ്ടാകുക. അതിലുള്ളതാണു് ഇന്നത്തെ നിയമസഭ. ഇതു് ഇങ്ങിനെതന്നെ ഇരുന്നാൽ മതിയൊ, സിംഗിൾ ചേംബർ മതിയൊ, അപ്പർ ഹൌസ് വേണൊ എന്നൊക്കെ തീരുമാനിക്കണ്ടെ? അതുകൊണ്ടു് അഡൈ്വസറി കമ്മിറ്റിയുടെ റിപ്പോർട്ടും അതിന്മേലെടുക്കുന്ന തീരുമാനമനുസരിച്ചു് ഒരു കോൺസാംബ്ലിയും കൊച്ചിക്കു വേണമെന്നു പറഞ്ഞതായി ഞാൻ അറിയുന്നു. അങ്ങിനെയാണെങ്കിൽ അപ്പോഴാണു തിരഞ്ഞെടുപ്പു കൊച്ചിരാജ്യത്തിലുണ്ടാകുക. ആ നിലക്കു ഏതൊരു ഘട്ടത്തിൽ കോൺസ്റ്റിറ്റ്യൂഷൻ കമ്മിറ്റിയുടെ റിപ്പോർട്ടുകളും സമർപ്പിക്കും, ഏതൊരു ഘട്ടത്തിലേക്കു കോൺസാംബ്ലി കൂടാൻ സാധിക്കും? എന്നാണറിയേണ്ടതു്. അവരുടെ റിപ്പോർട്ടു കിട്ടി അതനുസരിച്ചു വോട്ടേഴ്സ്ലിസ്റ്റു തയ്യാറാക്കി പബ്ലിഷ് ചെയ്തു മാറ്റങ്ങളും ഉണ്ടെങ്കിൽ വരുത്തി എന്നിട്ടുവേണ്ടേ ഫൈനൽ ലിസ്റ്റുണ്ടാക്കാൻ; എന്നിട്ടുവേണ്ടേ ഇലക്ഷൻ നടത്താൻ; അതിനുള്ള പ്രവർത്തനം നേരത്തെ തുടങ്ങണ്ടേ; അതിനു നിങ്ങളും ഒരുക്കമാണോ?

എന്നും പറഞ്ഞു ആളുകളെ വിശ്വസിപ്പിച്ചുകൊള്ളാമെന്നു വിചാരിക്കരുതു്. നിങ്ങളും പറയുന്നതാണു പ്രവർത്തിക്കാൻ പോകുന്നതെന്നു ആളുകളും ശിരഃകമ്പത്തോടുകൂടി സമ്മതിക്കത്തക്കവിധത്തിൽ നിങ്ങളുടെ നില നിങ്ങളും ഭേദപ്പെടുത്തണമെന്നാണു് ഈ ഉപക്ഷേപകർത്രി ആവശ്യപ്പെടുന്നതു്. അതു നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ ചെയ്യുക. തിരഞ്ഞെടുപ്പു നിങ്ങളും സാധാരണ കാലത്തെങ്കിലും നടത്തണം. നിങ്ങളെക്കുറിച്ചു ഗുരുതരമായ പ്രതീക്ഷകളും ഉണ്ടായിരുന്നു. ആ പ്രതീക്ഷകളൊക്കെ അസ്ഥാനത്താണെന്നു തോന്നിത്തുടങ്ങി. ജനങ്ങളുടെ അഭിപ്രായങ്ങളാണു ഞങ്ങളിവിടെ പറയുന്നതു്. അങ്ങിനെ പറഞ്ഞതിനെക്കുറിച്ചു ലേബർമെമ്പർ എന്നു വർണ്ണിക്കപ്പെട്ടിരിക്കുന്ന ആ മാന്യൻ എന്റെ ചില കണക്കുകൾകൊണ്ടു ഞാൻ തല പുകച്ചതിനെപ്പറ്റിയും, അങ്ങിനെ പറഞ്ഞതിൽ അദ്ദേഹം കണ്ട എന്റെ ചില ചിന്തകളെപ്പറ്റിയും മറ്റും ഇവിടെ പറയുകയുണ്ടായി. അതിനെ ഞാൻ അശേഷം വിലവെക്കുന്നില്ല. ഒരു മനുഷ്യനു ദൈവം കൊടുത്ത വലിപ്പം എത്രയോ, അതിൽ കവിഞ്ഞു അണുപോലും വലുതാകാൻ കഴിയുകയില്ലെന്നു ഈ രണ്ടു വയസ്സിനിടയിൽ ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. അതുവെച്ചു നോക്കുമ്പോൾ ഞാൻ അതിനെ വകവെക്കുന്നില്ല. അതു അദ്ദേഹം പറഞ്ഞതു് എന്റെ ഒരു ഉത്തമസ്നേഹിതൻ എന്ന നിലയിൽ ആണെന്നു ഞാൻ കരുതുന്നു. എങ്കിലും അതു വേണ്ടിയിരുന്നില്ല എന്നു അദ്ദേഹം എന്നേക്കാൾ പ്രായം കുറവായ ആളായതിനാൽ ഒരു ഉപദേശമെന്നനിലയിൽ കൈക്കൊള്ളുമെന്നു വിശ്വസിക്കുന്നു.

വളരെ ആത്മാർത്ഥതയോടുകൂടി ഞാൻ പറയുന്നു പ്രജാമണ്ഡലം എന്നു മുമ്പു പറഞ്ഞിരുന്ന ആ പ്രജാമണ്ഡലംതന്നെയാണു് ഇന്നും ഉള്ളതെന്നു ജനങ്ങൾക്കു തോന്നത്തക്ക നിലയിൽ ഇന്നു ഡെയാർക്കീതന്നെയാണു നടക്കുന്നതെന്നും ഉദ്യോഗസ്ഥന്മാർ മന്ത്രിമാരുടെ അധികാരത്തിൽ കയ്യിടുന്നുവെന്നു പറയുന്നതൊന്നും ശരിയല്ലല്ലെന്നും, നിങ്ങൾ പറയുന്നതിൽ ആത്മാർത്ഥത തികച്ചും ഉണ്ടെന്നും ജനങ്ങളെ ബോദ്ധ്യപ്പെടുത്തത്തക്ക നിലയിൽ ജനങ്ങൾക്കു നിങ്ങളെപ്പറ്റി യാതൊരാക്ഷേപവും ഉണ്ടാകാത്തതരത്തിൽ അടുത്ത ഇലക്ഷൻ ഉടനെ നടത്തത്തക്കവണ്ണം അതിനു നാമനിർദ്ദേശത്തിനുമുമ്പു് വോട്ടേഴ്സ്ലിസ്റ്റു പ്രസിദ്ധപ്പെടുത്തണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, തിങ്കളാഴ്ച ഇതേ വിഷയത്തെപ്പറ്റിനടന്ന വാദപ്രതിവാദാവസരത്തിൽ ഇതിനെപ്പറ്റി എനിക്കു പറയാനുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. അതിനുശേഷം ഇന്നു ബഹുമാനപ്പെട്ട എറണാകുളം വനിതാമെമ്പർ ഈ പ്രമേയം വീണ്ടും ഇവിടെ അവതരിപ്പിക്കുകയില്ലെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. എങ്കിലും അവതരിപ്പിച്ച സ്ഥിതിക്കു ഈ വിഷയത്തിൽ ചെയ്ത പ്രവൃത്തികളെന്താണെന്നു ഞാൻ വിവരിച്ചുകൊള്ളട്ടെ.

കൊച്ചിയിലെ ഫ്രാഞ്ചൈസ് കമ്മിറ്റി അവരുടെ റിപ്പോർട്ടു ഗവർമ്മെണ്ടിലേക്കു സമർപ്പിച്ചതിനുശേഷം, ഇന്നത്തെ ഗവർമ്മെണ്ടു പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കാനുള്ള തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ടു്. ക്യാബിനറ്റിൽ ഈകാര്യം ആലോചനയ്ക്കു വരികയും പ്രായപൂർത്തിവോട്ടവകാശം നൽകേണ്ടതാണെന്നു തീരുമാനിക്കയും അതു അംഗീകരിച്ചു ഉത്തരവാകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പ്രായപൂർത്തി വോട്ടവകാശത്തിനു എത്ര വയസ്സാണു കണക്കാക്കിയിരിക്കുന്നതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: 21 വയസ്സാണു. കോൺസ്റ്റിറ്റ്യുവൻറ് അസ്സംബ്ലിയും അതാണു് അംഗീകരിച്ചിട്ടുള്ളതു്. പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയ തിരഞ്ഞെടുപ്പു നടത്താൻവേണ്ട വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കാൻ ഇലക്ഷൻ ഡിപ്പാർട്ട്മെണ്ടിനെ ഗവൺമെണ്ടിൽനിന്നു നിയമിച്ചു. ആ ഡിപ്പാർട്ട്മെൻറിൻറെ പ്രവർത്തനങ്ങൾക്കും വേണ്ടിടത്തോളം വേഗത്തിൽ നടക്കുന്നില്ലെന്നു തിങ്കളാഴ്ച ബഹുമാനപ്പെട്ട അംഗങ്ങൾ പലരും ഗവൺമെണ്ടിനെ ധരിപ്പിക്കുകയുണ്ടായി. അടുത്ത തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾ കൂടുതൽ ജാഗ്രതയിൽ പ്രവൃത്തിക്കേണ്ടതിനുവേണ്ട നടപടികൾ ഗവൺമെണ്ടു് എടുത്തിട്ടുണ്ടു്. ഇലക്ഷൻ ഡിപ്പാർട്ട്മെണ്ടു് കോൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസറി കമ്മിറ്റിയുടെ കീഴിലല്ല. ഈ രാജ്യത്തിൽ പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയുള്ള തിരഞ്ഞെടുപ്പു പുതിയ രേഖാടനം തയ്യാറാകുന്നതോടുകൂടിത്തന്നെ നടത്തുന്നതിനുള്ള സകല ഏർപ്പാടുകളും, അതു് എന്തെല്ലാമാണോ അതൊക്കെ ചെയ്യുന്നതാണു്. ഇതിനെക്കുറിച്ചു ഞാൻ തിങ്കളാഴ്ചയിലത്തെ യോഗത്തിൽ പ്രസ്താവിച്ചിരുന്നു. കോൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ച പ്രവൃത്തികൾ പൂർത്തിയായികഴിഞ്ഞു. ഏതാനും വാരങ്ങൾക്കുള്ളിൽ അതിനെക്കുറിച്ചുള്ള അവസാന തീരുമാനം കമ്മിറ്റിയിൽനിന്നുണ്ടാകുന്നതാണു്. ഇടയിൽ ഇതിനെ ഉൽക്കണ്ഠാപൂർവ്വം ചർച്ചചെയ്യുകൊണ്ടാണു ഞാനിത്രയും പറയുന്നതു്. കോൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ച ആ കമ്മിറ്റിക്കു ചെയ്യാനുള്ള സകല ജോലികളും അടുത്തുതന്നെ പൂർത്തി ആക്കുന്നതാണു്..

സർ, ഈ 8 മന്ത്രിമാക്കും മന്ത്രിമാർ എന്ന നിലയിൽ ആ കമ്മിറ്റിയിൽ സ്ഥാനമില്ലെന്നും കഴിഞ്ഞ കക്കടകം സമ്മേളനത്തിൽ ഞങ്ങളെ തിരഞ്ഞെടുത്തതുകൊണ്ടുമാത്രം ഞങ്ങൾ അതിൽ അംഗങ്ങളായതാണെന്നും, അതിനുശേഷം ഞങ്ങൾ മന്ത്രിമാരായതുകൊണ്ടു അതിൽ മന്ത്രിമാർ എന്നനിലയിലെത്തിയതാണെന്നും ഈ സഭയ്ക്കറിയാത്തതല്ല. ആ നിലയിൽ— മന്ത്രിമാരെന്ന നിലയിൽ—സാങ്കേതികമായ ന്യായപ്രകാരം മറുപടി പറയേണ്ടതില്ലെങ്കിലും കാര്യം അറിയാൻവേണ്ടി ഇത്രയും പറഞ്ഞതാണു്. മിക്കവാറും വോട്ടേഴ്സ് പട്ടിക തയ്യാറാക്കാനുള്ള സംഗതികൾ നടക്കുന്നുണ്ടു്. കോൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസറിക്കമ്മിറ്റിയിൽനിന്നു അതിനുവേണ്ടതു ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

നിയോജകമണ്ഡല വിഭജനത്തെ സംബന്ധിച്ചു പ്രമേയകർത്രി ചില കാര്യങ്ങൾ പറഞ്ഞു. അതു ഈ പ്രമേയത്തിൽപെട്ടതല്ലെങ്കിലും അതിനെക്കുറിച്ചും ആലോചിക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഡീലിമിറേഷൻ അതിനു മുമ്പാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ആദ്യമേ ആകും. അതു രണ്ടു വിധത്തിലാകാം. പ്രായപൂർത്തിവന്ന (21 വയസ്സുതികഞ്ഞവരുടെ എല്ലാം ഒരു പട്ടിക തയ്യാറാക്കിയതിനുശേഷം ഒരു തോതുവെച്ചു നിയോജകമണ്ഡലങ്ങൾ തിരിക്കുക. അല്ലെങ്കിൽ തിരുവിതാംകൂറിൽ ചെയ്തവണ്ണം കടലാസ്സിൽകണ്ടമാതിരി ചില വില്ലേജുകളൊക്കെകൂടിച്ചേർത്തു ജനസംഖ്യ കണക്കാക്കി നിയോജകമണ്ഡലങ്ങൾ നിശ്ചയിച്ചതിനുശേഷം വോട്ടേഴ്സ് ലിസ്റ്റു തയ്യാറാക്കുക.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കഴിഞ്ഞ കക്കടകത്തിൽ കോൺസ്റ്റിറ്റ്യൂഷണൽ കമ്മിറ്റിയിലേക്കു ഇപ്പോഴത്തെ മന്ത്രിമാരെ തിരഞ്ഞെടുത്തുവെന്നു പറഞ്ഞല്ലൊ. അതു No-Confidence motion പാസ്സാക്കിയതിനുശേഷമാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നിശ്ചയമില്ല.

അതുകൊണ്ടു ഈ നിയോജകമണ്ഡല വിഭജനങ്ങൾക്കുവേണ്ടി ശ്രമിക്കുകയും, അതേ അവസരത്തിൽതന്നെ ഓരോ വില്ലേജിലെ പ്രായപൂർത്തിവന്നവരുടെ ലിസ്റ്റ് തയ്യാറാക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഡീലിമിറേഷൻ നടത്തുന്നതു ഏതു നിലയിലാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: 21 വയസ്സു തികഞ്ഞവരുടെ ഒക്കെ ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞിട്ടുണ്ടു്. അതേ അവസരത്തിൽ കോൺസ്റ്റിറ്റ്യൂഷണൽ അഡ്വൈസറി കമ്മി

LIBRARY ARCHIVES Kerala Legislative Assembly

റിയുടെ ഒരു സബ്ജക്കമ്മിറ്റിയെ ഡിലിമിറ്റേഷൻ ജോലി നടത്തുന്നതിനു എല്പിച്ചിട്ടുണ്ട്, ആഗസ്റ്റ് 15-ാംനു ഇന്ത്യൻസ്വാതന്ത്ര്യം പ്രാപിക്കുന്നതനുസരിച്ചു ഇന്ത്യാഡൊമിയിനനും കൊച്ചിഗവണ്മെണ്ടുമായി ഭാവിയിലുണ്ടായിരിക്കേണ്ട ചില കാര്യങ്ങളെപ്പറ്റിയുള്ള ക്ലേശാ ലോചനകൾക്കായി കോൺസ്റ്റിറ്റ്യൂഷണൽ അഡൈവസറി കമ്മിറ്റിയിലെ ഒരംഗവും, അതിന്റെ സബ്ജക്കമ്മിറ്റിയിലെ ഒരംഗവും, Constitutional അഡൈവസറുമായ ശ്രീമാൻ ശിവരാമമേനോൻ അങ്ങോട്ടുപോയിട്ടില്ലായിരുന്നുവെങ്കിൽ ഇതിനു മുമ്പുതന്നെ ഈ ജോലി തീരുമായിരുന്നു. അല്ലാതെ ഇതിൽ യാതൊരു അലസതയുമില്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Can I get one point of information, Sir, from the Hon'ble Minister? Is the age 18 or 21?

Mr. P. Govinda Menon *(Minister for Food and Eduaction):* 21.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether any decision as to how the delimitation is going to be effected has been arrived at.

മിസ്റ്റർ പി ഗോവിന്ദമേനോൻ: ഓ. ഞാൻ രണ്ടു മെമ്പേഡ് എന്നു പറഞ്ഞതു തെറ്റിപ്പറഞ്ഞതുതന്നെയാണ്. ആദ്യമേ ഇന്നിന്നതാണു നിയോജകമണ്ഡലങ്ങൾ എന്നു തീരുമാനിക്കുക. അതിനുശേഷം വോട്ടേഴ്സ് ലിസ്റ്റു തയ്യാറാക്കുക. പിന്നൊന്നു ഓരോ വില്ലേജിലെയും വോട്ടേഴ്സ് ലിസ്റ്റു തയ്യാറാക്കിയതിനുശേഷം നിയോജകമണ്ഡലങ്ങൾ തീരുമാനിക്കുക. ഈ നിർദ്ദേശങ്ങളൊക്കെ മന്ത്രിമാരുടെ നിർദ്ദേശങ്ങളല്ലെന്നും കോൺസ്റ്റിറ്റ്യൂഷണൽ അഡൈവസറി കമ്മിറ്റിയുടെ നിർദ്ദേശങ്ങളാണെന്നും, ഈ സഭ ധരിക്കണം. അല്പം താമസംവരുന്നുണ്ടെങ്കിൽ ക്ഷമിക്കണം. അതു മനഃപൂർവ്വമല്ല.

മിസ്സിസ് ടി. ഫ്രാൻസിസ്: ഈ ഡിലിമിറ്റേഷൻവക്കു നടക്കുമ്പോൾ ചില പ്രത്യേക സമുദായങ്ങൾ മന്നിച്ചുകൂടിക്കിടക്കുന്ന വല്ല സെൻറമുണ്ടെങ്കിൽ അതു സെപ്പറേറ്റു ചെയ്തു അവരെ ഭിന്നിപ്പിക്കരുതു.

റാവുസാഹിബ് കെ. അയ്യപ്പൻ: ഇപ്പോഴത്തെ വില്ലേജ് ലിസ്റ്റു എടുത്താൽതന്നെ ഡിലിമിറ്റേഷൻ നടത്താൻ കഴിയും. യഥാർത്ഥ ലിസ്റ്റുവരുമ്പോൾ സമുദായ സംബന്ധമായ യാതൊരു കുഴപ്പവും ഉണ്ടാകയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: നായർ, ക്രിസ്ത്യൻ, ഈഴവർ എന്നിങ്ങനെ സമുദായം സംബന്ധിച്ചാണൊ ഡിലിമിറ്റേഷൻ നടത്തുക?

റാവുസാഹിബ് കെ. അയ്യപ്പൻ: കമ്മ്യൂണൽവാറായിട്ടു വില്ലേജുകളിൽ പഴയ സെൻസസ് ലിസ്റ്റുണ്ട്. ഓരോ സമുദായത്തിലെയും ജനനമരണക്കണക്കു വില്ലേജാപ്പീസ്സിലുള്ളതുകൊണ്ടു ഓരോ സമുദായത്തിലേയും ശരിയായ കണക്കെടുക്കാൻ വിഷമമില്ല. അങ്ങിനെ നോക്കിയാൽ പ്രായോഗികമായ കാര്യനടത്തിപ്പിനു വില്ലേജു ലിസ്റ്റു മതിയാകും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെയുള്ള ജോലിയാണൊ ഡിലിമിറ്റേഷൻ എന്നു പറയുന്നതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡിലിമിറ്റേഷൻ എന്നു പറയുന്നതു ഇന്നയിന്ന വില്ലേജുകളൊക്കെ ഗ്രൂപ്പായിട്ടു നിറുത്തീട്ടു ചെയ്യുന്നതാണു. അങ്ങിനെ ചെയ്യുമ്പോൾ സമുദായങ്ങൾക്കു സ്വന്തതട്ടാതെയിരിക്കുക, സമുദായങ്ങൾ ഭിന്നാഭിന്നമാകാതെയിരിക്കുക; സമുദായങ്ങൾക്കുള്ള പ്രാബല്യം നശിപ്പിക്കാതെയിരിക്കുക ഇതൊക്കെയാണാലോചിക്കേണ്ടതു. ഇതൊക്കെ മന്ത്രിമാരെ ചിത്ത പറയുന്നതുപോലെ അതു എളുപ്പത്തിൽ ചെയ്യാവുന്നതല്ല.

മിസ്സിസ് ടി. ഫ്രാൻസിസ്: പുറത്തു നടക്കുന്നതായി അറിയുന്ന ജനങ്ങളുടെ ശബ്ദങ്ങളെ ഞങ്ങൾ ഇവിടെ കേൾപ്പിക്കുന്നുവെന്നു മാത്രമേയുള്ളു.

മിസ്റ്റർ പി ഗോവിന്ദമേനോൻ: അതിൽ എനിക്കു സന്തോഷമേയുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പൊതുജനങ്ങൾ അറിയാനായി ഈ പ്രവൃത്തികളുടെ ഓരോ സ്റ്റേജിലെത്തുമ്പോൾ അതു പബ്ലിഷ് ചെയ്യുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

സർ, ഈവക കാര്യങ്ങളൊക്കെ ആലോചിക്കുന്നുണ്ട്. പ്രായപൂർത്തി വോട്ടവകാശവും പരിപൂർണ്ണ ഉത്തരവാദിത്വഭരണവും എന്ന ന്യായം പറഞ്ഞു എലക്ഷൻ നീട്ടിക്കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നില്ല. നേരത്തറിഞ്ഞു പ്രായപൂർത്തി വോട്ടവകാശം വേണം എന്നുള്ളതുകൊണ്ടു വോട്ടേഴ്സ് ലിസ്റ്റുകൂടുതൽ തയ്യാറാക്കാൻ താമസംവരാം എന്നല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

ഞങ്ങൾക്കു നീട്ടണമെന്ന ഉദ്ദേശം തീരെയില്ല. ഈ കാര്യത്തിലുള്ള സകല പ്രവൃത്തികളും ഭരണഘടനാപ്രവർത്തനങ്ങളോടൊപ്പംതന്നെ നടത്തുന്നുണ്ട്. മിസ്റ്റർ കുമാരനെഴുത്തശ്ശൻ പറഞ്ഞു ഇടവമാസത്തിൽ തിരഞ്ഞെടുപ്പു നടത്തണമെന്ന്. അതിനുമുമ്പുതന്നെ നിവൃത്തിയുണ്ടെങ്കിൽ നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണു ഞങ്ങൾ അതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തിരിക്കുന്നതു്.

"To impress upon the Government the strong feeling in the public mind that the present Cabinet of Ministers is keen upon extending the term of the present Legislative Council."

ഇങ്ങിനെ ഈ കട്ടമോഷനിൽ പറഞ്ഞിരിക്കുന്നതുമാതിരി പൊതുജനങ്ങളുടെ ഇടയിൽ വലിയ തെറിലാരണകളുണ്ടെന്നു ഞാൻ ധരിച്ചിട്ടില്ല. എന്താണാബുദ്ധിമുട്ടുവരുന്നതെന്നുവെച്ചാൽ കുറച്ചു വല്ലതുമൊക്കെ പുറത്തുകേൾക്കും അതൊക്കെ ഇവിടെവന്നു പറയും. മറിവൈദ്യൻ ആളെകൊല്ലും എന്നു് പ്രമാണമുണ്ട്. പ്രജാമണ്ഡലത്തെക്കുറിച്ചു ചിലതൊക്കെ ഇവിടെ പറയുകയുണ്ടായി. മുഴുവൻ വിവരങ്ങളും അറിയാതെ ഇത്തരം പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചു, ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽനിന്നു ഇങ്ങിനെ പറയാതെയിരുന്നാൽ കൊള്ളാമെന്നു അപേക്ഷയുണ്ട്. ഒരു കഥ കേട്ടിട്ടുണ്ടു്. ഒരുവലിയ മതിൽക്കെട്ടിന്റെയുള്ളിൽ നിന്നു അതിമനോഹരമായ ഒരു സംഗീതം പുറത്തുനിന്നിരുന്ന ഒരാൾകേട്ടു. അപ്പോൾ അയ്യാൾ എത്രമനോഹരിയായ സ്ത്രീയായിരിക്കുമെന്നു വിചാരിച്ചു് ആ ആൾ ആ സ്ത്രീയുമായി അനുരാഗത്തിലായി. പിന്നീടു് ആ സ്ത്രീയെ കണ്ടപ്പോഴാണു മസൂരിക്കലയുള്ള, കണ്ണുപൊട്ടിയ, വിരൂപയായ ഒരു സ്ത്രീയാണെന്നു മനസ്സിലായതു്. അതുപോലെയാണു പ്രജാമണ്ഡലത്തെക്കുറിച്ചു ആരു് എന്തൊക്കെയോ പറയുന്നതു കേട്ടു ഉടനെ പ്രജാമണ്ഡലത്തിനോടു വിരോധമുള്ള ആളുകൾ പ്രജാമണ്ഡലത്തിൽ ചേർന്നിട്ടുണ്ടെന്നും കഴമ്പുണ്ടെന്നും തെറ്റിദ്ധരിച്ചു. എന്നാൽ അങ്ങിനെ ഒന്നുമുണ്ടായിട്ടില്ല. ഈ കട്ടമോഷനിൽ പറയുന്നതുപോലെ പ്രജാമണ്ഡലത്തെക്കുറിച്ചു പൊതുജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇതിനെ സംബന്ധിച്ചു എന്തെല്ലാം നടപടികളെടുക്കണമോ അതിനൊക്കെ ഗവൺമെണ്ടു തയ്യാറാണു്. അതിനാൽ ഈ പ്രമേയം ഇവിടെ പ്രസ്സു ചെയ്യേണ്ട ആവശ്യമില്ലെന്നു ഞാൻ പ്രമേയകർത്രിയോടു പറഞ്ഞുകൊള്ളുന്നു.

3. Statement by the President regarding the returning of speeches after correction

Mr. President: Before the House rises for lunch I will respectfully draw the attention of the Hon'ble Members to rule 6 of the Standing Order which says that Members shall return within 24 hours the manuscript speeches handed over to them. If they fail to do so, it will be presumed that the Member does not wish to make any correction. I am making arrangements to see that speeches are given to the Hon'ble Members the very next day after the speeches are delivered. I request the Members to see that these manuscripts are corrected within 24 hours or even earlier and returned to the office so that they may be given for printing.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Sir, when will these be printed?

Mr. President: All that is possible by the Legislative Council Office will be done. That is my intention.

The House rose for lunch at 1-30 p.m. and re-assembled at 2-30 p.m. with the Hon'ble President in the Chair.

മിസ്സിസ്സു് ടി. ഫ്രാൻസീസ്സു്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെപ്പറ്റി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. കൊച്ചിയിലെ ഫ്രാഞ്ചെയിസ്സു് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനം പ്രായപൂർത്തി വോട്ടവകാശത്തോടുകൂടിയ ഒരു ഭരണമാണെന്നും, ഇനി വരാൻ പോകുന്ന ഇലക്ഷനിൽ പൂർണ്ണഉത്തരവാദിത്വമുള്ള ഒരു കൌൺസിൽ വേണമെന്നുമാണു് ഈ സഭ നിർദ്ദേശിച്ചിരിക്കുന്നതെന്നു് ഞാൻ ആദ്യമായി പറഞ്ഞുകൊള്ളുന്നു. അതുതന്നെയാണു് ഈ സഭയുടെ താല്പര്യം എന്നുള്ളതിൽ സംശയമില്ല. അതിനുവേണ്ടിയുള്ള ഒരു പ്രമേയം ഞാൻ ഈ സഭയിൽ കൊണ്ടുവരികയും, അതു ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തിട്ടു് അധികം സമയം കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വ്യാഴികം സെഷനിലാണു് അതു ഇവിടെ പാസ്സാക്കിയിട്ടുള്ളതു്. പരിപൂർണ്ണ ഉത്തരവാദിത്വഭരണം അല്ലാതെ മറൊരു വിധത്തിലുള്ള ഭരണം വേണ്ടെന്നുള്ള വിചാരം ഞങ്ങൾക്കില്ല. ഞാൻ ഈ കട്ടുമോഷൻ കൊണ്ടുവന്നിട്ടുള്ളതിന്റെ ഉദ്ദേശം കടലാസ്സുകളിലും, മറ്റു പല ആളുകളുടെയിടയിലും ഇതു ഒരു സംസാരവിഷയമായി തീർന്നുകൊണ്ടു്, അതിന്റെ കാര്യം മനസ്സിലാക്കാമെന്നു

LIBRARY ARCHIVES Kerala Legislative Assembly